പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4158 — 24/6/2019 ൽ മറുപടിക്ക്

## കന്നുകാലികളുടെ കുറവ് പരിഹരിക്കാൻ പദ്ധതി

ചോദ്യം — മറുപടി

ശ്രീ.ഷാഫി പറമ്പിൽ:

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | കന്നുകാലി പ്രജനനത്തിന് വൻപദ്ധതികൾ ആവിഷ്കരിച്ചിട്ടും ഇവയുടെ എണ്ണത്തിൽ പ്രതിവർഷം വലിയ കുറവ് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പ് സംസ്ഥാനത്തെ പാൽ, മാംസം, മുട്ട എന്നിവയുടെ ഉൽപാദനത്തിന് ബൃഹദ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുമ്പോഴും പശുക്കളുടെ എണ്ണത്തിൽ കുറവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കൃത്യമായ പ്രജനന നയം പ്രാവർത്തികമാക്കുക വഴി പ്രതിശീർഷ പാലുല്പാദനം വർദ്ധിച്ചുവരുന്നുണ്ട്. 2007 ലെ കന്നുകാലി സെൻസസ് പ്രകാരം കേരളത്തിൽ ആകെ 1740120 കന്നുകാലികൾ ഉണ്ടായിരുന്നു. എന്നാൽ 2012 ലെ കന്നുകാലി സെൻസസ് പ്രകാരം 1328630 കന്നുകാലികളാണ് കേരളത്തിൽ ഉള്ളത്. 23.65% കന്നുകാലികളുടെ കുറവാണ് 2007 ലെ സെൻസസിനെ അപേക്ഷിച്ച് 2012 ൽ വന്നിട്ടുള്ളത്. ജനസംഖ്യ വർദ്ധനവും നഗരവത്ക്കരണത്തിന്റെ തോതിൽ വന്ന വർദ്ധനയും കാരണം സംസ്ഥാനത്തിനകത്തു സ്ഥല ലഭ്യതയും കുറയുകയും, കന്നുകാലികളെ വളർത്തുന്ന കർഷകരുടെ എണ്ണം കുറയുകയും ചെയ്തിട്ടുണ്ട്. സ്ഥല പരിമിതി മൂലം തീറ്റപ്പുൽക്കൃഷി ചെയ്യുന്നത് കുറയുകയും, നെൽക്കൃഷി കുറഞ്ഞതുമൂലം കന്നുകാലികളുടെ തീറ്റയുടെ പ്രധാനഘടകമായിരുന്ന വൈയ്ക്കോലിന്റെ ലഭ്യതക്കുറവും, വർദ്ധിച്ച വിലയും കാലിത്തീറ്റയിലെ വിലയിലുണ്ടാകുന്ന അടിക്കടിയുള്ള വിലവർദ്ധനവും പാലുല്പാദനച്ചെലവ് വർദ്ധിക്കുവാനിടയാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമൂഹ്യസാമ്പത്തിക രംഗങ്ങളിലുണ്ടായിട്ടുള്ള മാറ്റങ്ങളും കാലാവസ്ഥ വ്യതിയാനങ്ങളുമെല്ലാം ഒരു പരിധിവരെ കന്നുകാലികളുടെ എണ്ണം കുറയുന്നതിന് കാരണമായിട്ടുണ്ട്. |
| ബി) | പശുക്കളുടെ എണ്ണം ക്രമാതീതമായി കുറയുന്നത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് | ബി) | സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് കൃത്യമായ പ്രജനന നയം നടപ്പിലാക്കുകവഴിയും ശാസ്ത്രീയമായ പരിപാലന രീതികൾ വഴിയും ഉയർന്ന പാലുല്പാദനക്ഷമതയുള്ള പശുക്കളുടെ പ്രതിശീർഷ ഉൽപ്പാദനം |

| | | | |
|---|---|---|---|
| | തടസ്സമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | | വർദ്ധിച്ചുവരുന്നതിനാൽ പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് എണ്ണത്തിലെ കുറവ് മൂലം ഉണ്ടാകുന്ന തടസ്സം ഗൗരവതരമല്ല. |
| സി) | കന്നുകാലികളുടെ കുറവ് പരിഹരിക്കുവാൻ എന്തെങ്കിലും പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) | സർക്കാർ പുതുതായി ആവിഷ്കരിച്ചിട്ടുള്ള അനിമൽ റിസോഴ്സ് ഡെവലപ്പ്മെന്റ് പദ്ധതിയുടെ കീഴിൽ കർഷകർ എടുത്തിട്ടുള്ള ലോണുകളുടെ പലിശയിനത്തിൽ സബ്സിഡി നൽകുന്ന പദ്ധതിയിൽ 2018-19 ൽ 6291 കർഷകർക്ക് സഹായമായി ആകെ 300 ലക്ഷം രൂപ നൽകി. 2019-20 ൽ പദ്ധതിക്കായി 200 ലക്ഷം രൂപ വകയിരിത്തിയിട്ടുണ്ട്. ഈ പദ്ധതി മൂലം കർഷകർക്ക് ബാങ്ക് ലോൺ വഴി പുതിയ പശുക്കളെ വാങ്ങുന്നതിനും ഈ മേഖലയിൽ തുടരുവാനും കൂടാതെ കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുവാനും പ്രചോദനമായിട്ടുണ്ട്. ഇത് കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പാലുല്പാദനം കൂട്ടുന്നതിനും സഹായകരമാകും. കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി എന്നീ പദ്ധതികളിലൂടെ, ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി കന്നുകുട്ടികൾ പൂർണ്ണവളർച്ചയെത്തുന്ന പ്രായം കുറച്ചുകൊണ്ട് വരികയും പ്രസവങ്ങൾക്കിടയിലുള്ള കാലദൈർഘ്യം കുറയ്ക്കുകയും ചെയ്യുന്നു. 2019-20 ൽ ഇതിനായി 6000 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.<br><br>വെള്ളപ്പൊക്ക ബാധിത ജില്ലകളിൽ കിടാരി വളർത്തൽ പദ്ധതി.-281 ലക്ഷം<br><br>2019-20 ൽ പുതുതായി ഈ പദ്ധതി നടപ്പിലാക്കും. 2018 ലെ വെള്ളപ്പൊക്കം തീവ്രമായി ബാധിച്ച ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട് എന്നീ 7 ജില്ലകളിൽ ഗുണഭോക്താവ് ഒന്നിന് 25000 രൂപ ധനസഹായത്തോടെ 1 കിടാരിയും 6 മാസ കാലയളവിലേയ്ക്കുള്ള തീറ്റയും സബ്സിഡി നിരക്കിൽ നൽകും.<br><br>**മാതൃകാ മൃഗസംരക്ഷണ ഗ്രാമം.**<br><br>സംസ്ഥാനത്തെ തെരെഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ മൃഗസംരക്ഷണ മേഖലയിലുള്ള പദ്ധതികൾ നടപ്പിലാക്കി, മാതൃകാ മൃഗസംരക്ഷണ ഗ്രാമമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. അതാത് മേഖലാടിസ്ഥാനത്തിൽ രൂപം കൊള്ളുന്ന പ്രോജക്ടുകൾക്ക് മൃഗസംരക്ഷണ വകുപ്പിന്റെ സഹായമായി |

ഒരു പഞ്ചായത്തിന് 5 ലക്ഷം രൂപ ധനസഹായം നൽകി വരുന്നു. 2019-20 ൽ 20 പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കും.

**സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി**

**കർഷകർക്കൊരു കൈത്താങ്ങ്.**

കേരള സർക്കാർ സംസ്ഥാനത്തൊട്ടാകെയുള്ള കന്നുകാലികൾക്കും ക്ഷീര കർഷകർക്കും മൃഗസംരക്ഷണ വകുപ്പ് മുഖേന സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിലൂടെ പരിരക്ഷ ഉറപ്പാക്കുന്നു. 2017-18 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച പദ്ധതി മൂന്നാം വർഷത്തിൽ എത്തി നിൽക്കുന്നു. തികച്ചും സുതാര്യമായി വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ വഴി നടപ്പാക്കുന്നതു മൂലം ടി പദ്ധതിയുടെ പ്രീമിയം ഗണ്യമായി കുറയുകയും കർഷകരുടെ ഇടയിൽ സ്വീകാര്യത വളരെയേറെ കൂട്ടുകയും ചെയ്തു.

കന്നുകാലികളുടെ കുറവ് പരിഹരിക്കുവാൻ കെ.എൽ.ഡി.ബോർഡ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

**ഇറക്കുമതി ചെയ്ത ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകളുടെ വിതരണം**

പശുക്കുട്ടികളെ മാത്രം ഉൽപ്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനത്തിനായി കാനഡയിൽ നിന്നും ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഇറക്കുമതി ചെയ്ത് കർഷകർക്ക് വിതരണം ചെയ്യുന്നു. കേരളത്തിലങ്ങോളമിങ്ങോളം ഏകദേശം 302 കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലെ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**നാടൻ പശുക്കൾക്കായി പുതിയ ഭ്രൂണമാറ്റ പദ്ധതി**

നാടൻ ജനുസ്സുകളായ വെച്ചൂർ, സാഹിവാൾ ഇനത്തിൽപ്പെട്ട പശുക്കളിൽ ഭ്രൂണമാറ്റ സാങ്കേതികവിദ്യ ഉപയോഗിച്ച്, കൂടുതൽ കുട്ടികളെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള കേന്ദ്രപദ്ധതി കെ.എൽ.ഡി.ബോർഡ് ആരംഭിച്ചുകഴിഞ്ഞു. രണ്ട് കോടി നാൽപ്പത്തിയെട്ട് ലക്ഷം രൂപയാണ് പദ്ധതി നിർവ്വഹണത്തിനായി കേന്ദ്രസർക്കാർ ബോർഡിന്

| | | | |
|---|---|---|---|
| | | | നൽകിയത്. ബോർഡിന്റെ മാട്ടുപ്പെട്ടി, കുളത്തൂപ്പുഴ ഫാമുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.<br><br>**<u>സൗജന്യ കന്നുകുട്ടി ഇൻഷ്വറൻസ്, കാലിത്തീറ്റ സബ്സിഡി പദ്ധതി</u>**<br><br>പ്രസ്തുത പദ്ധതി എം.ആർ.സി.എം.പി.യു, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ കോഴിക്കോട്. വയനാട്. കണ്ണൂർ ജില്ലകളിൽ കെ.എൽ.ഡി.ബോർഡ് നടപ്പിലാക്കി വരുന്നു. ദേശീയ ക്ഷീര പദ്ധതിയിൽ ജനിക്കുന്ന മെച്ചപ്പെട്ട പശുക്കുട്ടികൾക്ക് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷയും, കാലിത്തീറ്റ സബ്സിഡിയും നൽകി. 7000 പശുക്കുട്ടികൾക്ക് പദ്ധതിയുടെ ഗുണം ലഭിച്ചു കഴിഞ്ഞു. പദ്ധതി തുടർന്നും നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ